ഹയർ സെക്കന്ററി
വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്,
ശാന്തിനഗർ, തിരുവനന്തപുരം - 1

നം.ഇ.എക്സ്.II-3/14466/എച്ച്.എസ്.ഇ/2018 തീയതി : 01/11/2018

## സർക്കുലർ

വിഷയം :- ഹയർ സെക്കന്ററി വിദ്യാഭ്യാസം - ഹയർ സെക്കന്ററി ഒന്നാം വർഷ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷ ആഗസ്റ്റ് 2018 - പരീക്ഷാഫലം പ്രസിദ്ധീകരിച്ചത് - സംബന്ധിച്ച്.

2018 ആഗസ്റ്റിൽ നടന്ന ഒന്നാംവർഷ ഹയർ സെക്കന്ററി ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാഫലം www.dhsekerala.gov.in, www.keralaresults.nic.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്. ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം, സൂക്ഷ്മപരിശോധന, ഫോട്ടോകോപ്പി എന്നിവയ്ക്കുള്ള അപേക്ഷകൾ നിർദ്ദിഷ്ട ഫീസടച്ച് വിദ്യാർത്ഥികൾ പരീക്ഷയെഴുതിയ സ്കൂളുകളിൽ സമർപ്പിക്കേണ്ടതാണ്. യാതൊരു കാരണവശാലും അപേക്ഷകൾ ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ നേരിട്ട് സ്വീകരിക്കുന്നതല്ല.അപേക്ഷാഫോറങ്ങൾ സ്കൂളുകളിലും ഹയർ സെക്കന്ററി പോർട്ടലിലും ലഭ്യമാണ്. സ്കൂളുകളിൽ ലഭിക്കുന്ന പൂരിപ്പിച്ച അപേക്ഷകൾ പരീക്ഷാസെക്രട്ടറി നൽകുന്ന സോഫ്ട്വെയർ ഉപയോഗിച്ച് പ്രിൻസിപ്പൽമാർ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

| | |
|---|---|
| പുനർമൂല്യനിർണ്ണയഫീസ് | - പേപ്പർ ഒന്നിന് 500/- രൂപ |
| സൂക്ഷ്മപരിശോധന | - പേപ്പർ ഒന്നിന് 100/- രൂപ |
| ഫോട്ടോകോപ്പി | - പേപ്പർ ഒന്നിന് 300/- രൂപ |

ഫീസ് ഒടുക്കി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി - 08/11/2018
പ്രിൻസിപ്പൽമാർ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ അപ്‌ലോഡ് ചെയ്യേണ്ട തീയതി - 12/11/2018.

സെക്രട്ടറി
ബോർഡ് ഓഫ് ഹയർ സെക്കന്ററി
എക്സാമിനേഷൻസ്
കേരള